LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനമാണ്. ഈ സ്ഥാപനത്തിൽ മെക്കാനിക്കൽ ബ്രാഞ്ച് തുടങ്ങുന്നതിന് ആവശ്യമായ വർക്ക്ഷോപ്പ്, ലാബ് മറ്റ് അനുബന്ധ സൗകര്യങ്ങളെല്ലാംതന്നെ ഇപ്പോഴുണ്ട്. 105 ലക്ഷം രൂപ ചെലവിൽ വെസ്റ്റേൺ ടെക്നോളജി ബ്ലോക്ക് പണി പൂർത്തീകരിച്ചതോടുകൂടി പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ക്ലാസ് റൂമുകളും ലഭ്യമാണ്. ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ പോകുകയാണ്. കൂടാതെ പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് ആവശ്യമായ സ്ഥലം പ്ലേ ഗ്രൗണ്ട് തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഈ കാമ്പസിൽ ഉണ്ട്. ആയതുകൊണ്ട് മേൽസാഹചര്യങ്ങൾ പരിഗണിച്ച് പോളിടെക്നിക്കിന്റെ വികസനത്തിന് ഗുണകരമായ വിധത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ശ്രീ. പി. സി. ജോർജിന്റെ സബ്മിഷനിൽ 91 പോസ്റ്റ് പതിനേഴ് വർഷം പണിയില്ലാതെ എങ്ങനെ ഇരുന്നു എന്നുള്ളത് ഞാൻ അത്ഭുതപ്പെടുന്നു. ബഹുമാനപ്പെട്ട അംഗം ബി. ഡി. ദേവസ്സിയുടെ സബ്മിഷൻ സംബന്ധിച്ച് കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്കിൽ ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ, ടെക്സ്റ്റൈൽ ടെക്നോളജി, പോളിമർ ടെക്നോളജി എന്നീ ബ്രാഞ്ചുകളിലായി ആകെയുണ്ടായിരുന്ന 130 സീറ്റുകൾ 2010-11 വർഷം മുതൽ 180 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ കൊരട്ടി ഉൾപ്പെടെ ആകെയുള്ള 43 ഗവൺമെന്റ് പോളിടെക്നിക്കുകളിൽ 19 എണ്ണത്തിലും 3 ബ്രാഞ്ചുകൾ വീതമാണുള്ളത്. അടിസ്ഥാന സൗകര്യ വികസനവും ആവശ്യമായ ജീവനക്കാരുടെ തസ്തികയും സൃഷ്ടിച്ച് ഈ പോളിടെക്നിക്കുകളിൽ പുതിയതായി ഓരോ ബ്രാഞ്ചോടുകൂടി തുടങ്ങുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

16. രൂക്ഷമായ വരൾച്ച തടയുന്നതിനുള്ള മുൻകരുതൽ നടപടികൾ

ശ്രീ. എം. ഹംസ : സർ, കേരളം വല്ലാത്ത തോതിലുള്ള ഒരു വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. കുടിവെള്ള ക്ഷാമവും കേരളം അനുഭവിക്കുവാൻ പോകുകയാണ്. താപനില ഉയർന്ന് ജന്തുക്കളും അതുപോലെ മനുഷ്യരും വല്ലാതെ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുകയാണ്. കുടിവെള്ള സ്രോതസ്സുകൾ വറ്റിവരുന്ന ഈ സന്ദർഭത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു ക്രൈസിസ് മാനേജ്മെന്റിന് ഈ ഗവൺമെന്റ് ഇപ്പോൾത്തന്നെ ഇടപെടേണ്ടതുണ്ട്. കഴിഞ്ഞ കാലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതുപോലെ ഇത്തവണയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം. ഇപ്പോൾ നമുക്ക് ജില്ലാ കേന്ദ്രങ്ങളിൽ ഇതുമായി ബന്ധപ്പെട്ട

യാതൊരു വിവരവുമില്ല എന്നാണ് പറയുന്നത്. ജില്ലാ കേന്ദ്രങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിമാർ ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള യോഗങ്ങൾ വിളിച്ചു ചേർക്കണം. ഇത്തവണ കുടിവെള്ള പ്രശ്നം രൂക്ഷമാണ്. യാതൊരു പിശുക്കും കാണിക്കാതെതന്നെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ആവശ്യമായ യുദ്ധകാലാടിസ്ഥാനത്തിലുള്ള ഇടപെടൽ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ കഴിഞ്ഞ വർഷം 26 കോടി രൂപയാണ് ഇവിടെ വിതരണം ചെയ്തത്. ഈ വർഷം നേരത്തെ തന്നെ ഇവിടെ ശ്രീ. ഹംസ ചൂണ്ടിക്കാണിച്ചതുപോലെ വളരെ കടുത്ത വരൾച്ചയുണ്ടാകുമെന്ന റിപ്പോർട്ട് ഇവിടെ കിട്ടിയിട്ടുണ്ട്. ഈ വരൾച്ച പറയുമ്പോൾത്തന്നെ ഇന്നലേയും മിനിഞ്ഞാന്നുമൊക്കെ കനത്ത മഴ നമ്മുടെ പല ജില്ലകളിലും ഉണ്ടായി. ആകാശ ചുഴലി ഒരു പ്രത്യേകമായ, അതും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമാണ്. എന്നാലും വരൾച്ച കണ്ടുകൊണ്ട് മുൻകരുതൽ എടുക്കണം. പ്രത്യേകിച്ചും തെരഞ്ഞെടുപ്പിന്റെയൊക്കെ സമയമായതുകൊണ്ട് ഉദ്യോഗസ്ഥരെയൊക്കെ അതുമായി ബന്ധപ്പെട്ട് വിനിയോഗിക്കേണ്ടി വരും. അതുകൊണ്ട് നേരത്തെ തന്നെ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ ആഴ്ച തന്നെ യോഗം വിളിക്കാനുള്ള നിർദ്ദേശവും കൊടുക്കുന്നുണ്ട്. ഇപ്പോൾ 13 കോടി 48 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് എം.എൽ.എ.-മാർ ഇടപെട്ട് ഏത് പ്രദേശത്താണ് അടിയന്തര ആവശ്യമുള്ളത്, ആ പഞ്ചായത്തുകളിൽ നിന്ന് റസല്യൂഷൻ എടുത്ത് കളക്ടർക്ക് കൊടുക്കണം. എം.എൽ.എ. നേരിട്ട് തന്നെ കളക്ടറേറ്റിൽ ലെറ്റർ മുഖേന അറിയിക്കുക. പെട്ടെന്ന് എത്തിക്കാനുള്ള സംവിധാനം എടുക്കുകയാണ്. തെരഞ്ഞെടുപ്പ് വരുന്നത് കാരണം ഉദ്യോഗസ്ഥന്മാരൊക്കെ എല്ലാ സ്ഥലങ്ങളിലും മാറിയിരിക്കുകയാണ്. വന്ന ഉദ്യോഗസ്ഥന്മാർക്ക് പല സ്ഥലങ്ങളും പരിചയമായി വരുന്നതേയുള്ളൂ. അതുകൊണ്ട് എം.എൽ.എ.-മാർ ഒന്നുകൂടി മനസ്സിലാക്കി കളക്ടർമാരെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

17. എൻ.എച്ച്. 47-ൽ മണ്ണുത്തി-വാണിയംപാറ ഭാഗത്ത് ക്രെയിൻ ലഭ്യമാക്കാൻ നടപടി

ശ്രീ. രാജാജി മാത്യു തോമസ്: സർ, ദേശീയ പാത 47-ൽ ഏറ്റവും കൂടുതൽ വാഹന അപകടങ്ങൾ സംഭവിക്കുന്ന ഒരു മേഖലയാണ് പുനലൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന മണ്ണുത്തി-വാണിയംപാറ പ്രദേശം. ദിനംപ്രതി സംഭവിക്കുന്ന അപകടങ്ങളിൽ ജീവാപായവും ഗതാഗത സ്തംഭനവും പതിവാണ്. പലപ്പോഴും അപകടം സംഭവിച്ച് രക്ഷാപ്രവർത്തനം ആരംഭിക്കാൻ വലിയ കാലതാമസം നേരിടുന്നു. തൃശ്ശൂർ നഗരത്തിൽനിന്നും ക്രെയിൻ എത്തിയാൽ മാത്രമേ രക്ഷാപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നുള്ളൂ. ആയതിനാൽ ദുരന്തനിവാരണ പദ്ധതിയിലുൾപ്പെടുത്തി ഒരു ക്രെയിൻ

LIBRARY ARCHIVES Kerala Legislative Assembly